ഡിപ്പാർട്ടുമെൻറ് പരിഷ്ക്കരണം.

* 916. [42] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ച് നമ്മുടെ ഡിപ്പാർട്ട്മെൻറുകൾ പരിഷ്ക്കരിക്കുന്നതിനു ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളാണ് അങ്ങിനെ പരിഷ്ക്കരിക്കപ്പെടുന്നത് ;

(സി) ഈ പരിഷ്ക്കരണ പരിപാടികൾക്കു ഏതു തുക ചെലവഴിക്കാനാണുദ്ദേശിക്കുന്നത് ;

(ഡി) ഇതിൽ ഏറ്റവും കൂടുതൽ തുക ഏതു ഡിപ്പാർട്ടുമെൻറിനാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ഇ) ഏറ്റവും കുറച്ച് തുക കൊള്ളിച്ചിട്ടുള്ളത് ഏതു ഡിപ്പാർട്ട്മെൻറിനാണ് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഡിപ്പാർട്ടുമെൻറ് പരിഷ്ക്കരണം എന്ന പ്രത്യേക ഇനത്തിൽ കൃഷി ഡിപ്പാർട്ട്മെൻറിൽ മാത്രമേ തുക കൊള്ളിച്ചിട്ടുള്ളൂ. മറ്റു ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചിടത്തോളം അവയിലെ അതാതു പദ്ധതികളുടെ നിർവ്വഹണത്തിനായി ഗസറ്റഡും അല്ലാതേയും ഉള്ള ഉദ്യോഗങ്ങൾക്കു തുകകൾ കൊള്ളിച്ചിട്ടുള്ളതും, അപ്രകാരമുള്ള വിപുലീകരണം കൊണ്ട് ഡിപ്പാർട്ട്മെൻറുകൾ പരിഷ്ക്കരിക്കപ്പെടുന്നതുമാകുന്നു.

(ബി, സി, ഡി, ഇ) ഇതു സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ശേഖരിച്ചുവരുന്നു.

ബസ്സ് സ്റ്റാൻഡും വെയിറ്റിംഗ് റൂമും.

* 918. [48] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൗൺസ്ഥാർട്ട് ഡിപ്പാർട്ടുമെൻറുവക വെയിറ്റിംഗ് റൂമുകളോടുകൂടിയ ബസ്സ് സ്റ്റാൻഡുകൾ എവിടെയെല്ലാമാണുള്ളത് ;

(ബി) ആലുവായിൽ ഈ ഡിപ്പാർട്ടുമെൻറുവക ബസ്സ് സ്റ്റാൻസും മുക്കിംഗ് ആഫീസും വെയിറ്റിംഗ് റൂമുകളും ഉണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) പ്രധാന ബസ്സ് സ്റ്റാൻഡുകളിലെല്ലാം വെയിറ്റിംഗ് റൂമുകൾ ഇപ്പോൾ ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly